Kerala Infrastructure and Technology for Education
Presents

# ഇതൾ
# ITHAL



## ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ

## ചായ്യോത്ത്

# ഇതൾ



# ഇതൾ

## ഇതളുകളിലൂടെ


കാലം തെറ്റി പെയ്ത മഴ.......7
ഒറ്റപ്പെട്ടവന്റെ നൊമ്പരം.......10
പ്രളയം - പറഞ്ഞതും പറയാതെ പറഞ്ഞതും.......11
പാകപ്പെടുത്തൽ.......14
A Milestone In My Life.......15
അമ്മ എന്ന നിധി.......18
BLACK POETRY.......19
ബാക്കിയായത്.......22
നിധിയാം ബാല്യം.......23
ഒരുമ്പാട്.......24
പ്രളയം.......25
വായനക്കുറിപ്പ് -ഞാൻ മലാല.......27
മായുന്ന പ്രകൃതിതനിമ.......28
*അഭിമാനമുഹൂർത്തങ്ങൾ* .......29
യോഗ ദിനാചരണം.......31
വിദ്യാഭ്യാസ പ്രദർശനം.......32
LITTLE KITES MEMBERS.......38
മറുമൊഴി.......40


ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്

# ഒരു നിമിഷം....

വായന മരിക്കുന്നു എന്ന് പലരും പറയാറുണ്ടെങ്കിലും അതിനൊരിക്കലും മരണമില്ല. രൂപ ഭാവങ്ങൾ മാറുന്നതേയുള്ളൂ. പുസ്തകത്താളുകളിൽ നിന്നും കമ്പ്യൂട്ടറിന്റെയും പിന്നീട് മൊബൈൽ ഫോണിന്റെയും തിളങ്ങുന്ന പ്രതലത്തിലേക്ക് അവ സ്ഥാനം മാറിയിരിക്കുന്നു.

വിദ്യാലയ കാലം വായനാശീലം തേടിയുള്ള നടത്തമായിരുന്നു പഴയ തലമുറയ്ക്ക്.ഒരു തപസ്യ പോലെ വായനയും എഴുത്തും കൂടെ കൊണ്ടു നടന്നവർ.പരിമിതമായ സൗകര്യങ്ങളിൽ സൗന്ദര്യത്തിന്റെ പുതിയ മാനങ്ങൾ തേടി അവർ യാത്ര ചെയ്തു.

പിന്നീട് വന്നവർ പിറകോട്ടാണ് യാത്ര ചെയ്തതെങ്കിലും പുതിയകാലം ഏറെ മുന്നിലാണ്. ആ യാത്ര ഇന്ന് എത്തി നിൽക്കുന്നത് ഡിജിറ്റൽ യുഗത്തിലാണ്.കാഴ്ചയുടെയും കേൾവിയുടെയും ചിന്തയുടെയും ലോകത്തെ അത് മാറ്റി മറിച്ചു.പുസ്തകങ്ങൾ ഇ.പുസ്തകങ്ങൾക്ക് വഴി മാറി.
മാറുന്ന കാലത്തിന്റെ തുടിപ്പുകൾ ഏറ്റു വാങ്ങിക്കൊണ്ട് ഇതൾ വിരിയിക്കുകയാണ് ഞങ്ങളും.

– എഡിറ്റർ

## എഡിറ്റോറിയൽ ബോർഡ്

- അഭിജിത്ത് പി[എഡിറ്റർ]
- നിഖിൽ ടി വി
- അദ്വൈത് രവീന്ദ്രൻ
- അദ്വൈത് കെ ദിനേശ്
- അതുൽ പ്രദീപ്
- മുഹമ്മദ് റിഫാൻ
- അനിരുദ്ധ് പി വി
- പൂജ കെ

### കവർ ചിത്രം

അഭിജിത്ത് കെ 8A
അഭിജിത്ത് കെ 10D
നിഖിൽ ടി വി 10C

## ഉപദേശകസമിതി

- വത്സരാജ് സി പി[ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ}
- ലത കെ[ലിറ്റിൽ കൈറ്റ്സ് മിസ്സ്ട്രസ്]
- മീനാകുമാരി സി എം
- സീത സി എം
- രമേശൻ കെ വി

## സന്ദേശം



സി കുഞ്ഞിരാമൻ മാസ്റ്റർ (ഹെഡ്മാസ്റ്റർ)


**ആധുനിക തലമുറയ്ക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയുമായുള്ള ബന്ധം അനിവാര്യമായിരിക്കുകയാണല്ലോ. ഈ സാങ്കേതികവിദ്യയുടെ ദൈനംദിന വളർച്ചയിൽ ചായ്യോത്ത് ഗവഃ ഹയർ സെക്കന്ററി സ്കൂളും പങ്കാളിയാകുന്ന എന്നവാർത്ത ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 'ഇതൾ' എന്ന 'ഇ-മാഗസിൻ' പുറത്തിറങ്ങുമ്പോൾ അതിനു പിന്നിൽ പ്രവർത്തിച്ച ഏവർക്കും അഭിമാനിക്കാം. അവരെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ മാഗസിനിലെ ഓരോ ഇതളും ഓരോ മലരായി വിരിയട്ടെ എന്നും ആശംസിക്കുന്നു.**

**ഹെഡ്മാസ്റ്റർ,**

**കുഞ്ഞിരാമൻ.സി**

കവിത

# കാലം തെറ്റി പെയ്ത മഴ



ആൽമരത്തണൽ പോലെ
ജീവശ്വാസം,
നൽകിയ അമ്മ
കാലം തെറ്റി പെയ്ത ആ മഴയിൽ
എങ്ങോ പോയ് മറഞ്ഞു
എന്നെ ഏകനാക്കി .........
ഇന്നു ഞാൻ നാലുകെട്ടിൻ
ചുമരിൽ ,തുണിരുമ്പിൻ ചാരെ
ചമ്രം പടിഞ്ഞിരിക്കുന്ന ഏകനായി
എൻ മുഖം കാണും മുമ്പേ
എൻ സ്വരം കേൾക്കും മുമ്പേ
എൻ ഗുണങ്ങളറിയും മുമ്പേ
എന്നെ സ്നേഹിച്ച ഹൃദയം
എങ്ങു പോയി.......???
നൊമ്പരങ്ങളെന്നുള്ളിൽ
നിറഞ്ഞു കവിയുമ്പോൾ
നിൻ തോളുകളിൽ
ഒന്നെനിക്കു തല ചായ്ക്കേണമായിരുന്നു
കണ്ണീരായെൻ ദുഖങ്ങൾ
നിൻ മടിയിൽ വീഴ്ത്തണമായിരുന്നു

# ഇതൾ

എൻമുടിയിൽ വിരൽ കോതി

നീയെന്നെ ചേർത്തു പിടിക്കണം

അപ്പോൾ നീയെനിക്കമ്മയാകും

ഇന്ന് ഉച്ചിയിൽ പാറുന്ന

കരിങ്കൊടിയിൽ കാണുന്നു

ഞാനാ കാലം തെറ്റി പെയ്ത മഴയെ...

-തീർത്ഥ ടി പി




സിദ്ധാർത്ഥ്(10E)

# ഒറ്റപ്പെട്ടവന്റെ നൊമ്പരം

ഞാനൊരനാഥൻ
സ്വന്തമായി വീടില്ല ,കൂടില്ല
കൂട്ടരില്ലെനിക്ക്
എന്റെ വീട് മാറിക്കൊണ്ടേയിരിക്കുന്നു
പല സ്ഥലങ്ങളിലായി ഒട്ടിയ വയറുമായി
പട്ടണമാകെ ഒരു നേരത്തെ ആഹാരത്തിനു
വേണ്ടി അലഞ്ഞു നടക്കലാണെൻ ജോലി
സ്വന്തമെന്നു പറയാൻ എനിക്കാരുമില്ല
ഒരു തുട്ടുനാണയം പോലും സ്വന്തമായെനിക്കില്ല
വിശന്നലഞ്ഞു കഴിഞ്ഞാൽ
ഞാൻ പുഴ വക്കത്തിരുന്നു വിശപ്പ്
തന്നെ അന്നത്തെ ഭക്ഷണമായി കൊണ്ടു നടക്കും
ഭ്രാന്തനെ പോലുള്ളൊരു മുടിയും
കീറി പറഞ്ഞ വസ്ത്രവുമാണെൻ രൂപം
മറ്റുള്ളവരുടെ എച്ചിൽ തിന്നു
ജീവിക്കുന്ന ഞാനിനി എന്തിനാണു
ജീവിക്കുന്നത് ?
എന്തേ എന്റെ വിളി ആരും
കേൾക്കാതെ നിൽക്കുന്നത് !
ഞാനൊരനാഥൻ
ആരുമില്ലാത്തൊരനാഥൻ

-മേഘന എ 8A

# പ്രളയം - പറഞ്ഞതും പറയാതെ പറഞ്ഞതും

മഹാഭാരത യുദ്ധം കഴിഞ്ഞ് യുദ്ധഭൂമിയെ ചിത്രീകരിക്കുമ്പോൾ രഥചക്രത്തിന്നടിയിലൊരു കിളി മുട്ട വിരിയുന്നത് വ്യാസൻ വർണിക്കുന്നുണ്ട്. സർവ്വനാശത്തിന്റെ കൂരിരുട്ടിൽ നിന്ന് ജീവിതത്തിന്റെ ഹരിത ദർശനത്തിലേക്കുള്ള പ്രതീക്ഷകളെ രേഖപ്പെടുത്തുന്ന, ഈ വ്യാസവചനങ്ങൾ.

ഇന്ന് മനുഷ്യ മനസ്സുകൾ യുദ്ധക്ക ളങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. വസിക്കുന്ന ഭൂമി ,കുടിക്കുന്ന വെള്ളം, ശ്വസിക്കുന്ന വായു തുടങ്ങി എല്ലാം നാം മലിനീകരിച്ചു കൊണ്ടിരിക്കുന്നു. അവിടെ തുടങ്ങി നമ്മോട് തന്നെയുള്ള യുദ്ധം.പിന്നെ, ചുറ്റുമുള്ള സകലതിനോടുമായി ക്രൂരതയുടെ വിളയാട്ടങ്ങൾ.

ജലത്തിനും വായുവിനുമുള്ള മൂല്യം അനിർവചനീയവും അനന്തവുമാണ്. ഈ യഥാർത്ഥ സമ്പത്തിനെ തിരിച്ചറിയാതെ നാം മറ്റു പലതുമാണ് മൂല്യമേറിയത് എന്ന് ധരിച്ച് അതിന്റെ പിറകേയുള്ള പരക്കം പാച്ചിലിലാണ്.

നമുക്കൊരു കാലമുണ്ടായിരുന്നു.മാനവും മഴയും മലയും വയലും കുളവും തോടും പുഴയും കായലും കടലും മനുഷ്യനും ഒക്കെ ചേർന്ന് ജീവിതത്തിന്റെ ഏറ്റവും ലളിതവും വിനയന്വിതവുമായ സമവാക്യം ഒരുക്കിയ നല്ല കാലം. മണ്ണിൽ അന്നം വിളയിച്ച കർഷകൻ ഇന്ന് കടങ്കഥയും പഴഞ്ചൊല്ലുമായി. "യഥന്നേ അന്ന രോഹതി " ( ജീവൻ അന്നം കൊണ്ട് വളരുന്നു.) എന്ന ഉപനിഷദ് വചനം തികച്ചും മറന്നു. കൃഷി ചെയ്യേണ്ടതെങ്ങനെയെന്ന് ഓർമ്മയില്ലാതായി.

വിശപ്പിന്റെ കാണാക്കയങ്ങളിൽ ആണ്ടു പോയവർ .പാരിസ്ഥിതിക അഭയാർത്ഥികൾ, അരികുവൽക്കരിക്കപ്പെട്ടവർ , ഇവരെയൊക്കെ മറന്ന് ധൂർത്തിന്റെയും പണക്കൊഴുപ്പിന്റേയും അഹന്തയുടേയും ലോകത്ത് വിഹരി ക്കുന്നവരോട് പ്രളയം പലതും പറഞ്ഞു. ഓരോ ജീവിതത്തിനും അതി മഹത്തായ

# ഇതൾ

സൗന്ദര്യവും അതിഗംഭീരമായ ആനന്ദവുമായി തീരാൻ സാധിക്കും. ദേശത്തിന്റേയോ ഭാഷയുടേയോ വംശത്തിന്റെയോ നിറത്തിന്റെയോ വ്യത്യാസമില്ലാതെ മനുഷ്യമനസ്സുകളുടെ കൂടിച്ചേരലുകൾ ഇന്ന്

അത്യാവശ്യമായിരിക്കുന്നു. ഈ ജന്മത്തിൽ കൊടുത്തു തീർക്കാനാവാത്ത കടമുള്ളവരാണ് ഓരോ മനുഷ്യനും. ജയിക്കുന്നവന്റെത് മാത്രമല്ല ലോകം. പ രാജി തന്റെത് കൂടിയാണ്. സഹജീവികളെ തച്ചുതകർത്ത് മുന്നേറുന്നവന്റെത് മാത്രമല്ല ,സഹജീവിയുടെ വേദനയും തന്റെത് കൂടിയാണെന്ന് തിരിച്ചറിയുന്നവരുടേതുമാണെന്ന് പ്രളയം പറയാതെ പറഞ്ഞു തന്നു.

-വി ഒ ഗീത ടീച്ചർ



**നവനീത ജയൻ (10E)**

# പാകപ്പെടുത്തൽ

പോയത് കാണാനാണ്
തിരമാലകൾ ആർത്തലച്ച് വരുമ്പോൾ
അലിവോടെ വാരിപ്പുണരുന്ന
പാറക്കെട്ടുകളിലിരുന്ന്
കിന്നാരം പറയാനാണ്
നിലക്കാത്ത തേങ്ങലിൽ
നുരയായ് പതയായ്
അലിയാനാണ്..
ഉയർന്നു പൊങ്ങുന്ന
ഗാംഭീര്യത്തിന് മുന്നിൽ
ചിറകൊതുക്കാനാണ്..
കഴിഞ്ഞില്ല..
ചില്ലുകഷണങ്ങൾ
ഉയർത്തി നിൽക്കുന്ന
'അരുത്'കളെ മറികടക്കാൻ..
സീൽക്കാരത്തോടെ പുളയുന്ന
ചാട്ടുകൾ മുമ്പിൽ
ചൂളാതിരിക്കാൻ..
തേങ്ങലുകളും ഇരമ്പങ്ങളും
നേർത്തു നേർത്തു മറയുന്ന
പുണരാൻ നീട്ടിയ കൈകൾ...
കണ്ണീർ വറ്റി വരണ്ട മിഴികൾ മാത്രം ബാക്കി

-മീനാകുമാരി ടീച്ചർ

# A Milestone In My Life

I am very lucky...... I was curious on 5/6/2016,the day on which my journey to Japan started because it was my first journey outside in India. Everyone may have the dreams of visiting foreign countries in my case,that dream was not miracle but a fact, a reality .I was already read about Japan and it's around development. On 5/6/2016 afternoon at about 6:30 I reached the office of P C R A in Delhi. Other students in our team who got the chance to visiting Japan were elder than me,But everybody become joyful and smart. On this day we took supper at Delhi. There were 15 students in our team. 7 girls and 8 boys. After supper we started to the airport. Departure time of the plane was at 1:40 am. After the checking we seated in the plane and the plane take off 1:40 am. As it was the night we slept in the plane. When we woke up it was 10:00am . Suddenly we heard the announce ment that the plane will land at Naritha Airport in Japan with in 5 minutes. The plane landed. My first plane travel across my country. Our next travel was in bus. Clock in the bus shown the Japan time 1:30pm, which is 3 and half hour difference from our Indian standard time. While we were travelling we watched the surroundings. What! a beautiful charming sight it was; large extended paddy field as green carpets, huge buildings as sky scpers. I thought that I was in a dream land. Wonderful sights were inviting my eyes and mind. After travelling 90 minutes we reached an Indian restaurant. After lunch I spent a little time for shopping. On that day I stayed in an hotel. My room mate was a Tamil student, named *Tania* becoming fresh we slept there.

Next day in the morning we got the help of the guide Ayoga mam we started, to Shinagawa Incineration Plant. This factory was extended about 47000sq.km. The robot named “Lupin” was the symbol of the factory. The factory was collecting about 5000tons waste monthly. We had classes about production of energy and conservation of energy in the Energy Conservation Centre. We had chance to see the Tokyo Sky Tree. Entire city could be seen

from this building which is the highest tower in the world. What a Beautiful sight it is! An unforgetable moment in my life.

On Wednesday we continued journey by a bullet train starting from Tokyo Railway Station. Train reached Hammumatsu railway station. From there we started to Oisca school, removed our shoes and used the shoes supplied by them before entering the school. That is the practise provailed there. Calm and quiet place. Separate permanent class rooms music and dance. I had a chance to contact with 6 Indian students there. Three of them were malayalies. Field of Vegitables,paddy and solar field, everything incroses our curiosity there was the image of our 'Father of Our Nation Gandhiji' .We happened to see many rockets and aeroplanes used in the war in JASDF .Show -room of vehicles at Suzuki attracted us. We had a chance to see the making of attracted us. We had a chance to see the making of a car in a video Roses in different colours welcomed me when I reached China Basar. Paradise of flowers travel by sea bus also joyful. Finally we reached Thoshiba Science Museum. Each thing kept there shows the skill and invention of Japanese people science. They tried to show their improvements in science and technology step by step. Displaying many old electronic instruments and new modern improved electronic items . We enjoying by playing games there.

On the last day we were lead to Miraikan Science Museum. Dancing robots,speaking idols machineries used in space shutter-Everything astonished we known Japan is country ruined by world wars. their hard work,their broad mind,new technology utilisation of all resources,their co-operation -every thing lead them to economic development. This factors will be a bright light in my future life. It is true my journey to Japan is a turning point in my life. On 10/6/2016 I returned to India and reached home at 11:30 PM on 15/6/2016.

-Archana Ashokan M



**അഭിജിത്ത് 8A**

# അമ്മ എന്ന നിധി



അമ്മതൻ മൃതശരീരം
തലോടികുളിപ്പിക്കുമ്പോൾ
എൻ മനം തകരുന്നു
കൈകൾ വിറക്കുന്നു
ജീവിച്ചിരുന്നപ്പോഴൊരു പാഴ്‌വസ്തു
ചലനമറ്റപ്പൊഴോ രത്നത്തോടൊത്തതും
സ്നേഹത്തിൻ നിറകുടമായ്
സ്നേഹത്തിൻ നീരുറവയായ്
പാല്യം ചോറുമൂട്ടിയവൾ
ഇന്നതാ വീടിന്റെ മൂലക്ക്
നമുക്കും മക്കളുണ്ട് നമുക്കും വയസ്സാകും
ചുളുങ്ങിയ കൈകാലുകളാകുമ്പോഴും ഒട്ടിയ വയറാകുമ്പോഴും
ഒരു തുള്ളി വെള്ളം കിട്ടാതെ നാവ് വരളുമ്പോഴും...
ശപിക്കാതെ സ്നേഹം ചൊരിയുന്ന നമുക്കായ് പ്രാർത്ഥിക്കുന്നു...

ഗായത്രി -7C

# BLACK POETRY

An immatured Zygote in the maternal diadems
Braiding up the juxtapose chains; Hither
In the Blood brook,utter despondence of a tappering stem
Came I, the slice of an unknown lost grandeaur.

My hands were 'black';but the heart gaily dawn
Sauccer eyes had no tears;for it all have quenched rest
I am the pain;the crowd;the audience;the clown;
Witnessing the immortal past ! Stood I silent

I took the pen,wore a pardah oh you 'bloody' fate !
The wild quenced their thirst from my chest
I had no sound ! silent; it embraced but 'too late'?
The slice of my life the 'black poetry'; still in rest;

Oh! They warned they would cut the black hands,
My miscellany  heart; blood stained chest
Lurking death my ball point ink Caught web and
In a red tape,in winter nector she touched my chest

'She' the poetry montonous rapped the white
Sacrilagious whites indecipherable cut my hand
The 'black slice' of my 'black hand' braided the non-whites
I am the crowd?immortal poetry marched silent and........

'She' accompanied me, a shadow or a 'kind heart'
Degenerated from the slice to a tender 'daffodil'
My black skin, sauccer eyes, Paining chest

ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്

# ഇതൾ

Urged for a true vien a vitrover the whiter ill

They called me 'gay';but really not;a tender women
It was 'my' poetry the 'gay' ! Indulged gender in her heart
They illed my slice 'poetry' of life, but she a deaf diadem
'She' knocked my heart for help;but they'sensored' it worst
She was frightened; she was happy to 'bleed'
The revening menstructual blood caught my heart;
My pen had no rest;Ink Charged up, paper wetbed with (ink)blood
It raped them; The whiles urged to cut my black chest

They pierced 'her' heart, a downpour of black gay blood
'She' enchanted; whispered to my ears 'Her love'?
It was to me the 'black', A real 'Titanic mood'
'She kissed me' enormously in a fury of a lurking end of blood

I the black embraced 'her' in the magical dreams-
'She quenched her love from 'my life blood;
My pen could not help out over flowing diadems
Oh! My dear poetry, my 'slice of heart'! life blood!

-Navaneetha Jayan -10F




**സൂര്യജിത്ത് സി കെ 8H**

# ബാക്കിയായത്

'ബാറ്ററി ലോ' യുടെ ക്ലിക് ശബ്ദം  കേട്ട്  ഉറങ്ങിയ എന്നെ
തളർന്ന ശരീരത്തിൽ നിന്ന്
പിടിച്ചെഴുന്നേൽപ്പിച്ച്
കാതിൽ  എന്തോ പറഞ്ഞു സൂര്യൻ.
അതുതന്നെയാണ്.....
ഞാൻ തിരഞ്ഞുകൊണ്ടിരിക്കുന്ന
വാട്ടർ ടാങ്കിനെ  പറ്റി.
പച്ച നിറത്തിൽ
കൊടും  വേനലിന്റെ
നിറം  കലർന്നുചേരുമ്പോഴെ
ഞാൻ തിരയാൻ തുടങ്ങിയിരുന്ന
പ്ലേ സ്റ്റോറിലെ  ആ  ആപ്പിനെ...
ഭൂമിയിൽ നിന്നും എല്ലാം ചോർന്നു പോകുമ്പോഴും
എന്തോ ഒന്ന് ബാക്കി  ഉണ്ടായിരുന്നു.
ഡാറ്റ തീർന്ന ഫോണിനെ  മുറുകെ പിടിച്ച്
ഒടുവിൽ  കണ്ടെത്തി..
തെളിഞ്ഞ ആകാശത്തിനു   കീഴിലുള്ള
പാറയിൽ  നിന്നും  ഇറ്റുവീഴുന്നത്
നിലം  പതിക്കുമ്പോഴേക്കും,
രുചി മാറിയിരിക്കുന്നു..

-പൂജ -9A

## നിധിയാം ബാല്യം



വീണ്ടും ഞാൻ വന്നിരുന്നു ആ പുഴവക്കിൽ
ബല്യത്തിൻ ഓർമകൾ വീണ്ടെടുക്കാൻ
പുഴതൻ തീരത്ത് കളിച്ചതും ചിരിച്ചതും
പുഴമീനുകൾ വന്ന് ചൊല്ലിത്തന്നു
നിറയുന്ന കണ്ണീരും പുഴയായ് ചേർന്നു
മനസിൽ ഓർമകൾ തിരയടിച്ചു
സ്നേഹവും കുസൃതിയും ഒന്നായ് വന്നു
ബാല്യകാലമൊരു നിധിയായ് മാറി
ഓർത്തെടുക്കാൻ ഒരു സമ്മാനം പോലെ
കഴിഞ്ഞു പോയല്ലോ എൻ ബാല്യകാലം

-വിഷ്ണുപ്രിയ കെ വി

## ഒരുമ്പാട്

തൊലി വെളുത്തോൾ,
മുടി വെളുത്തോൾ,
കാലിൻമേൽ കാൽ വച്ചാൽ,
അതാഭിജാത്യം.
തൊലിയിരുണ്ടോൾ,
മുടി കറുത്തോൾ,
കാലിൻമേൽ
കാൽവച്ചാൽ,
അവളൊരുമ്പെട്ടോൾ...

-ബിന്ദു. ടി

## പ്രളയം

ഇനിയും പിറക്കാത്ത മറവിയായ് മാറുവാൻ
ഇനിയെത്ര കാഴ്ചകൾ ബാക്കിനിൽപ്പൂ...
ഇനിയുമെൻ ഹൃദയത്തിൽ മുറിവേൽക്കുവാൻ മാത്രം
ഇനിയെത്ര കാഴ്ചകൾ ബാക്കിനിൽപ്പൂ...
കാണുവാൻ വയ്യാത്ത,കേൾക്കുവാൻ വയ്യാത്ത,
ഓർക്കുവാൻ വയ്യാത്ത
പ്രളയത്തിൻ കാഴ്ചകൾ ബാക്കിനിൽപ്പൂ...
ചെറുപിഞ്ചുബാല്യങ്ങൾ രാവിൻമടിത്തട്ടിൽ
കുഞ്ഞികുസൃതി സ്വപ്നങ്ങൾ മെനയുമ്പോൾ
ആർത്തലച്ചെത്തിയ പേമാരിതാനും,
മലവെള്ളപാച്ചിലായ്, താണ്ഡവനൃത്തം
ചവിട്ടിത്തിമിർത്തപ്പോൾ
പിഴുതെറിഞ്ഞീടിന ജീവൽത്തുടിപ്പുകൾ....
സ്വപ്നങ്ങൾ ഉറങ്ങും,തൻ കൊച്ചുകുടിലുകൾ
കുത്തൊഴുക്കിന്നലയിൽ പ്പെട്ടൊരു ആർത്തനാദങ്ങളും...
മരണമലവെള്ളപ്പാച്ചലിൽ, സർവ്വവും നക്കിത്തുടച്ച്
പുഴവഴിമാറി ഒഴുകിയെത്തുന്നതും
ഉറ്റവരേത്, ഉടയവരേതെ ന്ന് തിരയുവാൻ,കഴിയാതെ
സർവ്വവും ത്വജിച്ച് അലറിക്കരയുന്നതും...
കൂട്ടിലടച്ചൊരു കാവാലൾ മാരും
പക്ഷിമൃഗങ്ങളും അരുമയായ്
തീർന്നൊരു നാൽക്കാലി വർഗ്ഗവും,
ജീവനുവേണ്ടിയാചിക്കാൻ കഴിയാതെ
ചത്തുമലർന്ന്, കിടന്ന് ഒഴുകും പുഴയായ്
തടയായി നിന്നതും...
കരളലിയിക്കുന്നകാഴ്ചയായ് മാറുന്നു.
ജീവിതപ്പാതതൻ നേർക്കാഴ്ചതന്നിലും
രണ്ടറ്റവും മുട്ടിക്കാനാകാത്തോർക്കെന്നും
പേടി സ്വപ്നമായി തീരുന്നു ഈ പ്രളയകാലം



ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്

# ഇതൾ

പുഴയൂറ്റി, മണലൂറ്റി, കുന്നിടിച്ചപ്പോഴും
വയലേറി, കുടിൽക്കെട്ടി അധിപനായ് വാണപ്പോഴും
ഒഴുകും ജലത്തിനായ് തടയണ പണിതപ്പോഴും
ലോകം നടുങ്ങുമാറുച്ചത്തിൽ മലയെ തകർത്തപ്പോൾ
നെഞ്ചകം പൊട്ടി മലയും കരഞ്ഞപ്പോഴും
സഹനത്തിൽ സീമകടന്നമ്മ തൻചെറുവിരൽ
ചെറുതൊന്നനക്കി 'അരുതേ' എന്നമ്മ
പറഞ്ഞുതും
നാം എന്തേ മനുജൻ മറന്നുപോയ്....
നാം എന്തേ മനുജൻ മറന്നുപോയ്....

പത്മാക്ഷി ടീച്ചർ

## വായനക്കുറിപ്പ് -ഞാൻ മലാല

മലാല താഴ്വരയിലെ ഗുൽമക്കായി ' എന്ന ഈ പുസ്തകത്തിൽ പെൺകുട്ടികളുടെ പഠനത്തിനു വേണ്ടി പോരാടിയ മലാല യൂസഫ് സായി എന്ന പെൺകുട്ടിയുടെ ജീവിത കഥയാണ് വായിച്ചെടുക്കാൻ സാധിച്ചത്. ചോളപ്പൂവ് എന്ന് അർത്ഥം വരുന്ന ഗുൽമക്കായി എന്ന തൂലികാനാമത്തിൽ കോറിയിട്ട കുറിപ്പുകളിൽ പെൺകുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചായിരുന്നു മലാല യൂസഫ്സായി ഉച്ച സ്വരത്തിൽ സംസാരിച്ചത്. വടക്കുപടിഞ്ഞാറൻ പ്രവിശ്യയായ മിൻ കേയറയിൽ 1997 ജൂലൈ 12-നാണ് മലാലയുടെ ജനനം. പിതാവ് സിയാ വുദ്ദീൻ യൂസഫ് സായി .ഒരു വിദ്യാഭ്യാസ പ്രവർത്തകനും കവിയുമായിരുന്നു സിയാവുദ്ദീൻ. എഴുത്തും വായനയും അറിയാത്ത തൂർ പെക്കായിയായിരുന്നു മലാലയുടെ മാതാവ്. സിയാവുദ്ദീൻ കുഞ്ഞിന് മലാല എന്ന് നാമകരണം ചെയ്തു. 1880-ലെ ബ്രിട്ടീഷ് അധിനിവേശക്കാലത്ത് പഷ്തൂൺ സൈന്യത്തോടൊത്തു നിന്ന് പൊരുതിയ ഒരു ആട്ടിടയന്റെ മകളായിരുന്നു മലാല . ഈ മലാലയെ ആരാധിച്ചിരുന്നതിനാലാണ് സിയാവുദ്ദീൻ തന്റെ മകൾക്ക് മലാല എന്ന പേരു നൽകിയത്. ദുഃഖിത എന്നാണ് ഈ പേരിനർഥം.

മലാലയുടെ പ്രദേശമായ സ്വാത് താഴ്വര താലിബാന്റെ കീഴിലായിരുന്നു'; അതിനാൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. ഇതിനെതിരെയായിരുന്നു മലാല യൂസുഫ് സായി ശബ്ദമുയർത്തിയത്. എന്നാൽ അതിനു പകരം മലാലയ്ക്ക് ലഭിച്ചത് വെടിയുണ്ടകളായിരുന്നു .ലോകമെമ്പാടും മലാല എന്ന പെൺകുട്ടിയുടെ കഥ അറിഞ്ഞു. അവളുടെ പുനർജീവിതത്തിനായി ലോകമെങ്ങും പ്രാർത്ഥിച്ചു.

സുൽത്താന 8A



# മായുന്ന പ്രകൃതിതനിമ

അപ്പുവും  കൂട്ടുകാരും അവധിക്കാലം ആഘോഷിക്കാനായി ഗ്രാമത്തിലെത്തിയതാണ്. നഗരത്തിലുള്ള ഇടുങ്ങിയ ജീവിതത്തെക്കാളും ഗ്രാമത്തിലെ സ്വതന്ത്ര ജീവിത്തെ അവർക്കിഷ്ടമായി. അപ്പുവും കൂട്ടുകാരും പന്തുകളിക്കാനായി വയലിലെത്തിയതായിരുന്നു. മുമ്പ് കണ്ട പച്ചപ്പിനെ കൺകുളിർക്കെ കാണാൻ അവൻ കൊതിച്ചു. അവിടെ എത്തിയപ്പോൾ മുമ്പ് കണ്ടിട്ടില്ലാത്ത വിധം ഒരു രണ്ടുനിലവീട് തലയുയർത്തി നിൽക്കുന്നു. "ഈ വീട് മുൻപ് കണ്ടിട്ടില്ലല്ലോ?പിന്നെ ഇതെവിടന്നു വന്നു?നമ്മളെവിടെപോയി കളിക്കും?"അപ്പുവിന് വിഷമമായി. "നമുക്ക് പുഴക്കരയിൽ പോയി കളിക്കാം. "കിച്ചു പറഞ്ഞു. എല്ലാവരും പുഴ കരയിലേക്ക് ഓടുമ്പോഴാണ് ഒരു ലോറി അവരെ കടന്നു പോയത്. ആ ലോറിയിൽ നിന്നും ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. "എവിടെക്കാണ് ഈ ലോറി പോകുന്നത്?" അവർ പുഴക്കരയിലേക്കെത്തിയപ്പോൾ കുറച്ചു മുമ്പ് കണ്ട ലോറി പുഴയിലേക്ക് മാലിന്യം തള്ളുന്നതു കണ്ടു. അവർ പുഴയിലേക്കു നോക്കി മീനുകൾ ചത്തു പൊന്തിയിരിക്കുന്നു. ഈ മാലിന്യങ്ങൾ എവിടെ നിന്നാണ്? നഗരത്തിൽ നിന്നാണ്. ഇതുകേട്ടുവന്ന ഒരു മുത്തശ്ശി പറഞ്ഞു. നഗരത്തിലെ മാലിന്യങ്ങൾ ഇവിടെയാ തള്ളുന്നത്. കുന്നുകളിടിച്ചു, വയലുകൾ നികത്തി മനുഷ്യർ അറിയുന്നുണ്ടൊ നാശത്തിലേക്കാണ് അവർ പോകുന്നതെന്ന്? ഒരിക്കൽ ഇതിനു പ്രകൃതി തിരിച്ചടി നൽകും, തീർച്ച.

-അനാമിക കെ.വി

# അഭിമാനമുഹൂർത്തങ്ങൾ .....

## ഗുരുവന്ദനം..



# ഇതൾ





## പുത്തരിയുണ്ണാൻ ചായ്യോത്ത് സ്കൂളിന്റെ കൃഷിപാഠം

**നീലേശ്വരം** ▸ തരിശുപാടങ്ങളിൽ നെൽകൃഷിചെയ്ത് കുട്ടികൾക്ക് കൃഷിപാഠമൊരുക്കി ചായ്യോത്ത് എച്ച്.എസ്. സ്കൂൾ. കതിർ ജൈവപച്ചക്കറിക്കൃഷി പദ്ധതിക്ക് സ്കൂളിൽ തുടക്കമായി. സ്കൂളിലെ പരിസ്ഥിതി ക്ലബ്ബും സ്റ്റുഡൻസ് പോലീസ് കേഡറ്റും കൃഷി വകുപ്പിൻെറ സഹായത്തോടെയാണ് നടപ്പാക്കുന്നത്.

കിണാവൂരിലെ ജയനാരായണൻെറ പാടത്താണ് നെൽകൃഷി തുടങ്ങിയത്. ഇതിനായി കിണാവൂരിലെ കുഞ്ഞിരാമൻ ആതിര ഇനത്തിൽപ്പെട്ട നെൽവിത്തും നൽകി. ജാനകിയമ്മയുടെ നേതൃത്വത്തിൽ നാടൻപാട്ടുമായപ്പോൾ കുട്ടികൾക്ക് ആവേശമായി. പഞ്ചായത്തംഗം കെ.ശ്രീധരൻ ഉദ്ഘാടനംചെയ്തു. കെ.വി. ഭരതൻ അധ്യക്ഷതവഹിച്ചു. പ്രധമധ്യാപകൻ കുഞ്ഞിരാമൻ, കൃഷി ഓഫീസർ ഡി.എൽ.സുമ, പി.കൃഷ്ണൻ, എ.വി.വിജയൻ, എൻ.വി. രാജൻ, കെ.വി.നാരായണൻ, വിഷ്ണുനമ്പൂതിരി തുടങ്ങിയവർ സംസാരിച്ചു.

▶ കിണാവൂരിലെ പാടത്ത് ചായ്യോത്ത് സ്കൂൾ വിദ്യാർഥികൾ ഞാറുനടുന്നു



ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്

## യോഗ ദിനാചരണം





## വിദ്യാഭ്യാസ പ്രദർശനം






ഇതൾ






ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്






കേരള-സ്കൂൾ വോളിബോൾ ടീമിൽ അംഗമായ
കാർത്തിക്





സംസ്ഥാന ബാലശാസ്ത്രകോൺഗ്രസ് സംസ്ഥാനതല മൽസരത്തിൽ A ഗ്രേഡ് നേടിയ അനുഗ്രഹ ജി നായർ,നിരഞ്ജൻ



വിദ്യാരംഗം സംസ്ഥാനതല കവിതാ രചനാക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പൂജ 9A



കേരള സ്കൂൾ കലോൽസവം നാടകമൽസരത്തിൽ

കാസർഗോഡ് ജില്ലയിൽ ഒന്നാംസ്ഥാനവും സംസ്ഥാന മൽസരത്തിൽ B ഗ്രേഡും നേടിയ സ്കൂൾ  നാടക സംഘം




സംസ്ഥാന ബാലശാസ്ത്രകോൺഗ്രസ് സംസ്ഥാനതല

മൽസരത്തിൽ B ഗ്രേഡ് നേടിയ ശ്രേയസയും കീർത്തനയും

ഇതൾ

# LITTLE KITES MEMBERS

1. SIDHARTH M V
2. ASWHIN N V
3. ARUN GANGADHARAN
4. SHYAMA V
5. ASWATHI RAMESH
6. AMAL K
7. JOSEPH MATHEW
8. POOJA K
9. ABHIN T S
10. PARVAHI P
11. ADWAITH RAVEENDRAN
12. SNEHA SANTHOSH
13. MUHAMMED RIFAN
14. JESTY SABA
15. AJMA C H
16.ASHWIN RAJ M
17. ATHUL PRADEEP
18. FATHIMA T
19. FATHIMATH SHABNA T
20.KARTHIKA O
21. ASWATHI E
22 DEVANANDAN K
23. KIRAN KUMAR K
24. NEELIMA K
25. ADWAITH K DINESH
26. ANIRUDH P V
27. SREEHARI C V

ലിറ്റിൽ കൈറ്റ്സ് ചായ്യോത്ത്

ഇതൾ

28. NAVYA P
29. KATHARIN SUNIBHA
30. ARJUN K P
31. ROSHITHA P S
32. AKSHARA V
33. AISWARYA K
34. MUHAMMED NIHAL S K
35. ABDHUL NAFIN
36. KADEEJATH ARSHANA N P
37. ZULAIKKA N B
38. AJAY RAY P V
39. AYISHTH SHIFANA P

**മറുമൊഴി**

**ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂനിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീന് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.**

.. ———————————— ..